# പാഠം 6: സ്വാതന്ത്ര്യത്തിലേയ്ക്ക്

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | 1. ഫറവോയുടെ മുൻപിൽ ദൈവം അഹറോൻ വഴി പ്രവർത്തിച്ച അടയാളമെന്ത്? | അഹറോൻ വടി ഫറവോയുടെയും സേവകരുടെയും മുമ്പിൽ ഇട്ടു. അതു സർപ്പമായി മാറി. |
| 2 | 2. ദൈവം ഈജിപ്തിനുമേൽ പത്ത് ബാധകൾ അയക്കാൻ കാരണമെന്ത്? | കഠിനഹൃദയനായ ഫറവോ മോശയുടെയും അഹറോന്റെയും അപേക്ഷ കേട്ടില്ല. ദൈവത്തെ ആരാധിക്കുന്നതിനായി ഇസ്രായേൽക്കാരെ വിട്ടയച്ചുമില്ല. അതുകൊണ്ടാണ് ദൈവം ഒന്നിനു പിറകേ മറ്റൊന്നായി പത്തു ബാധകൾ ഈജിപ്തിലേക്കയച്ചത്. |
| 3 | ദൈവം ഈജിപ്തിനുമേൽ അയച്ച പത്ത് ബാധകൾ ഏതെല്ലാം? | 1. ജലം രക്തമായി മാറുന്നു, 2. തവളകൾ വ്യാപിക്കുന്നു, 3. പേൻ പെരുകുന്നു, 4. ഈച്ചകൾ വർദ്ധിക്കുന്നു, 5. മൃഗങ്ങൾ ചത്തൊടുങ്ങുന്നു, 6. വ്രണങ്ങൾ ബാധിക്കുന്നു, 7. കൻമഴ വർഷിക്കുന്നു, 8. വെട്ടുകിളികൾ നിറയുന്നു, 9. അന്ധകാരം വ്യാപിക്കുന്നു, 10. ആദ്യജാതരെ വധിക്കുന്നു. |
| 4 | ഇസ്രായേൽ സമൂഹം പെസഹാ ഭക്ഷിക്കുന്നതിനു തിരഞ്ഞെടുക്കുന്ന ആട്ടിൻകുട്ടി എങ്ങനെയുള്ളതായിരിക്കണം? | ഒരു വയസ്സുള്ളതും ഊനമറ്റതുമായ മുട്ടാടായിരിക്കണം |
| 5 | 3. കർത്താവിന്റെ പെസഹാ എപ്രകാരം ഭക്ഷിക്കണമെന്നാണ് കർത്താവ് കൽപിച്ചത്? | മാംസം തീയിൽ ചുട്ട് പുളിപ്പില്ലാത്ത അപ്പവും കയ്പുള്ള ഇലകളും കൂട്ടി അന്നു രാത്രി ഭക്ഷിക്കണം. **അരമുറുക്കി ചെരുപ്പകളണിഞ്ഞ് വടി കയ്യിലേന്തി തിടുക്കത്തിൽ ഭക്ഷിക്കണം** |
| 6 | ഇസ്രായേൽക്കാർ എന്നാണ് പെസഹാ ഭക്ഷിച്ചത്? | വർഷത്തിന്റെ ആദ്യമാസം പതിനാലാംതീയതി. |
| 7 | എന്ത് കാണുമ്പോഴാണ് കർത്താവ് ഇസ്രായേൽക്കാരെ കടന്നുപോകും എന്നു പറഞ്ഞത്? | കട്ടിളപ്പടിയിലുള്ള രക്തം |
| 8 | 4. ദൈവം ഈജിപ്തുകാർക്ക് നൽകിയ പത്താമത്തെ ശിക്ഷയെന്ത്? | ആദ്യജാതരുടെ വധം |

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 9 | ഇസ്രായേൽക്കാർ അത്ഭുതകരമായി ചെങ്കടൽ കടന്നത് എങ്ങിനെയാണ്? | ദൈവം നിർദ്ദേശിച്ചപ്രകാരം മോശ വടിയെടുത്ത് കടലിന് മീതെ നീട്ടി. കടലിന് നടുവിൽകൂടി വഴി തെളിഞ്ഞു. അവർ ഉണങ്ങിയ മണ്ണിലൂടെ നടന്നു. അവരുടെ ഇരുവശത്തുമായി വെള്ളം മതിൽപോലെ നിന്നു. ഫറവോയും സൈന്യവും പിന്നാലെയെത്തി. അവർ കടലിന് നടുവിലെത്തിയപ്പോൾ ദൈവം മോശയോടു പറഞ്ഞു. നിന്റെ കരം കടലിന് മീതെ നീട്ടുക. മോശ കൈനീട്ടിയപ്പോൾ കടലിൽ വീണ്ടും വെള്ളം നിറഞ്ഞു ഈജിപ്തുകാർ വെള്ളത്തിൽ മുങ്ങി. കുതിരകളും പടയാളികളുമൊക്കെ മുങ്ങിച്ചത്തു. അങ്ങനെ അത്ഭുതകരമായി ഇസ്രായേൽക്കാർ കടൽ കടന്നു. |
| 10 | ഈജിപ്തിൽ നിന്നുള്ള മോചനത്തിന് ഒരുക്കമായി ദൈവം ഇസ്രായേലിനോട് ആവശ്യപ്പെട്ടത് എന്തായിരുന്നു? | പെസഹാ ഭക്ഷിക്കുക. |
| 11 | 5. പെസഹാ എന്ന വാക്കിന്റെ അർത്ഥമെന്ത്? | കടന്നുപോകൽ |
| 12 | 6. ഇസ്രായേൽജനം എന്തിനുവേണ്ടിയാണ് പെസഹാത്തിരുനാൾ ആചരിച്ചിരുന്നത്? | ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് മോശയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യത്തിലേക്ക് കടന്നുപോയതിന്റെ ഓർമ്മയാണ് പെസഹാത്തിരുനാളിലൂടെ ഇസ്രായേൽജനത ആചരിച്ചിരുന്നത്. |
| 13 | പുതിയ പെസഹായിൽ നാം കൊണ്ടാടുന്നത് എന്താണ്? | പാപത്തിന്റെ അടിമത്തത്തിൽ നിന്ന് മനുഷ്യവർഗം മോചിതമായതിന്റെ ഓർമ്മയാണ് പുതിയപെസഹായിൽ കൊണ്ടാടുന്നത്. |
| 14 | എങ്ങനെയാണ് ദൈവം നമ്മെയെല്ലാം പാപത്തിന്റെ പിടിയിൽ നിന്ന് മോചിപ്പിച്ചത്? | സ്വന്തം പുത്രനായ ഈശോയെ ലോകത്തിനു നൽകിക്കൊണ്ടാണ് നമ്മെയെല്ലാം ദൈവം പാപത്തിന്റെ പിടിയിൽനിന്ന് മോചിപ്പിച്ചത്. |
| 15 | പുറപ്പാട് 15:2 എഴുതുക | കർത്താവ് എന്റെ ശക്തിയും സംരക്ഷകനുമാകുന്നു; അവിടുന്ന് എനിക്ക് രക്ഷയായി ഭവിച്ചിരിക്കുന്നു. |